# സ്വവർഗ്ഗരതി

## നിയമവും നിയന്ത്രണങ്ങളും




brethren thoughts

think discuss change

# SWAVARGGARATHI NIYAMAVUM NIYANTHRANANGALUM

Malayalam

An E-book written by:
Joh Paul Puravath,
Sam Prasad Mullaringad
and
Manu Mathew Poomala.

Edited and prepared by:
Rejoy Poomala

Published by:

സഹോദര വിചാരം

brethren thoughts
think discuss change

www.brethrenthoughs.com

# സ്വവർഗ്ഗരതി

## നിയമവും നിയന്ത്രണങ്ങളും

### ബൈബിൾ വെളിച്ചത്തിൽ

### ഒരു വിലയിരുത്തൽ

ജോൺ പോൾ പുരവത്ത്
സാം പ്രസാദ് മുള്ളരിങ്ങാട്
മനു പൂമല



# നിയമങ്ങൾ, അതിർവരമ്പുകൾ

## സ്വാതന്ത്ര്യത്തിന് അതിർവരമ്പുകൾ ഉണ്ടോ?

പ്രകൃതിയും പ്രപഞ്ചയും നിയമങ്ങൾ പിന്തുടരുന്നു. മനഷ്യന്റെ ഇടപെടലുകൾ ആ വ്യവസ്ഥിതിയെ തകിടം മറിക്കാൻ കാരണമാകുന്നു. സ്വന്ത ജീവിതത്തിലും ഈ പ്രവണത ഉള്ള ജീവിവർഗ്ഗമാണ് മനുഷ്യൻ. അതിനെ അവൻ സ്വാതന്ത്ര്യം എന്ന് കരുതുന്നു.

മനുഷ്യൻ സ്വാതന്ത്ര്യം ആഗ്രഹിക്കുന്നു. സ്വാതന്ത്ര്യം കൂടാതെയുള്ള ജീവിതം മരണ തുല്യമാണ്. അതിരുകൾ ഇല്ലാത്ത സ്വാതന്ത്ര്യമാണ് അവൻ ആഗ്രഹിക്കുന്നത്. അതാകട്ടെ നാശോന്മുഖവും. അതിർവരമ്പുകൾ ഇല്ലാത്ത ജീവിത വ്യവസ്ഥിതിയാണ് സ്വാതന്ത്ര്യം എന്നത് മിഥ്യാ ധാരണയാണ്. ഓരോരുത്തരുടെയും സ്വാതന്ത്ര്യം എന്തെന്ന് വ്യക്തമായി നിർവചിക്കപ്പെടേണ്ടതുണ്ട്. അത് അപരന്റെ സ്വാതന്ത്ര്യത്തിൽ ഉള്ള കടന്നുകയറ്റം ആയിക്കൂടാ. ഇതുപോലെ തന്നെ സാമൂഹ്യ ജീവിതത്തിന്റെ പുരോഗമനാത്മകമായ പ്രവർത്തനത്തിനും നിലനിൽപ്പിനും അതിർവരമ്പുകൾ അവശ്യമാണ്. അവയാണ് നിയമങ്ങൾ. ലോകനിയമങ്ങൾ മനുഷ്യ നിർമ്മിതമാണ് അതുകൊണ്ടു മനുഷ്യർക്ക് തങ്ങളുടെ ഇഷ്ടങ്ങൾക്ക് അനുസരിച്ച് മാറ്റാനും സാധിക്കും. ഈ അധികാരത്തിന്റെ തെറ്റായ വിനിയോഗം സമൂഹത്തെ ഒന്നടങ്കം അപകടകരമായി ബാധിക്കും എന്ന് പറയേണ്ടതില്ലല്ലോ. അത്തരത്തിൽ ഉള്ള ഒരു വിഷയമാണ് നാം ഇവിടെ ചിന്തിക്കുന്നത്.

സെപ്റ്റംബർ ആറിലെ സുപ്രീം കോടതി വിധി പലനിലകളിൽ ശ്രദ്ധേയമായിരുന്നു. ഒരു മനുഷ്യന്റെ ജന്മം കൊണ്ട് കരസ്ഥമാക്കുന്ന

മൗലികമായ സ്വാതന്ത്ര്യം മറ്റൊരാളുടെ ഇഷ്ടത്തിനോ നിയന്ത്രണത്തിനോ അനുസരിച്ച് തീരുമാനിക്കപ്പെടുന്നത് ശരിയല്ലാത്തതും മൗലീകാവകാശ ലംഘനവും ആണെന്ന് കോടതി നിരീക്ഷിച്ചു. പരസ്പര സമ്മതത്തോടെ രണ്ടു വ്യക്തികൾ (ആണോ പെണ്ണോ) ഒരുമിച്ച് ജീവിക്കുന്നതിനെയോ അവരുടെ സ്വകാര്യ ഇഷ്ടങ്ങളെയോ നിയന്ത്രിക്കാനോ നിർവചിക്കാനോ കോടതിക്കോ മറ്റുള്ളവർക്കോ അധികാരം ഇല്ലെന്ന നിലപാട് ഒട്ടേറെ മാറ്റങ്ങൾക്ക് വഴി തെളിക്കും.

നിർബന്ധിത മത പഠനം, മാതാപിതാക്കൾക്ക് കുട്ടികളുടെ മേൽ അനാവശ്യ നിയന്ത്രണങ്ങൾ, സമ്മതം കൂടാതെയുള്ള വിവാഹം തുടങ്ങി വ്യക്തി സ്വാതന്ത്ര്യങ്ങൾക്ക് വില കല്പിക്കാതയുള്ള നിരവധി സാമൂഹ്യക്രമങ്ങളിൽ മാറ്റം വരാൻ സാധിക്കുമെങ്കിൽ ഇതൊരു മാറ്റത്തിന്റെ തുടക്കം എന്ന നിലയിൽ സ്വാഗതം ചെയ്യേണ്ടതുണ്ട് എന്നുള്ള പ്രതീക്ഷയോടെയാണ് പലരും പ്രതികരിച്ചത്. എന്നാൽ ആശങ്കകളും പങ്കുവയ്ക്കപ്പെടുന്നു. ഈ അവസരത്തിൽ ഏറ്റവും ശ്രദ്ധേയമായി നിൽക്കുന്ന വിഷയം സ്വവർഗ്ഗ രതി അനുകൂലികൾക്ക് ലഭിച്ചിരിക്കുന്ന നിയമത്തിന്റെ പച്ചക്കൊടിയാണ്. നിരന്തരമായി അവകാശ സമരത്തിലായിരുന്ന എൽ.ജി.ബി.റ്റി കമ്യൂണിറ്റിക്ക് അതിരുകടന്ന സ്വാതന്ത്രം അതിലൂടെ ലഭിക്കുന്നു എന്ന് മാത്രമല്ല അത് സാമൂഹ്യ വ്യവസ്ഥയിൽ സ്വാധീനം ചെലുത്തുന്നു എന്നും നിയമപരമായി ചോദ്യം ചെയ്യപ്പെടാൻ ആകാത്ത വിധം സമൂഹത്തിന്റെ ബാലൻസ് നഷ്ടപ്പെടാനുള്ള സാധ്യത ഉണ്ടെന്നതും അതിന്റെ പരിണിതഫലങ്ങൾ ദൂരവ്യാപകങ്ങളാണെന്നതും ആശങ്കകൾക്ക് കാരണമാണ്. തങ്ങളുടേതല്ലാത്ത കാരണത്താൽ അവഗണിക്കപ്പെടുകയും അനീതി സഹിക്കുകയും ചെയ്യുന്ന മൂന്നാം ലിംഗക്കാരുടെ അവകാശങ്ങളെക്കുറിച്ച് ഏറെ ചിന്തിക്കേണ്ടതുണ്ട് എന്നത് ഒരു വസ്തുതയാണ്. പക്ഷെ അതോടൊപ്പം കണക്കാക്കാവുന്ന ഒരു സ്വാഭാവിക ജനവിഭാഗമല്ല സ്വവർഗ്ഗരതിക്കാർ എന്നതാണ് യാഥാർഥ്യം.

പ്രപഞ്ചത്തിന്റെ നിയമദാതാവും നിയന്ത്രിതാവും ദൈവമാണ് എന്നംഗീകരിക്കുന്നവരാണല്ലോ ദൈവ വിശ്വാസികൾ. എന്നാൽ മനുഷ്യജീവിതത്തിൽ ദൈവത്തിന്റെ ഇടപെടലുകൾക്ക് അവർ വീണ്ടും അതിർവരമ്പുകൾ വെച്ചിട്ടുണ്ട്. അതുകൊണ്ട് ദൈവിക പ്രമാണങ്ങളെ ജീവിതപ്രമാണമായി അംഗീകരിക്കുന്നവർ സമൂഹത്തിൽ ന്യൂനപക്ഷം മാത്രമാണ്. മാറിമാറി വരുന്ന സാമൂഹിക സന്ദർഭങ്ങളിൽ നിലപാടുകളും വ്യവസ്ഥകളും പരിശോധിച്ചു ഉറപ്പിച്ച് കൊണ്ട് യുവതലമുറയുടെ ചോദ്യങ്ങൾക്ക് മറുപടി പറയേണ്ടത് സമൂഹപരമായി വിശ്വാസികളുടെ നിലനിൽപ്പിനു തന്നെ ആവശ്യമായ സംഗതിയാണ്. ഈ ഉദ്യമം ഏറ്റെടുത്തുകൊണ്ട് "ബ്രദറൺ യൂത്ത്സ്" വാട്ട്സ് ആപ്പ് ഗ്രൂപ്പിലെ യുവ സ്നേഹിതർ തയാറാക്കിയ ഈ ചെറു പുസ്തകം നിങ്ങൾക്ക് മുൻപിൽ അവതരിപ്പിക്കുവാൻ അതിയായ സന്തോഷം.!

(എഡിറ്റർ.)



പ്രളയാനന്തര കേരളവും, അതോടൊപ്പം ഇന്ത്യ മുഴുവനും ഏറ്റവും കൂടുതൽ ചർച്ച ചെയ്ത വിഷയമാണ് ഇന്ത്യൻ ശിക്ഷാനിയമത്തിലെ 377 ആം വകുപ്പ് ഭാഗീകമായി റദ്ദാക്കിക്കൊണ്ടുള്ള, 6/9/2018 ലെ സുപ്രീംകോടതി വിധി. ഈ ചരിത്ര വിധിയെകുറിച്ചുള്ള ചർച്ചകൾ ഇതിനോടകം നവമാധ്യമങ്ങളിൽ നങ്കൂരമിട്ടു കഴിഞ്ഞു. ഈ സാഹചര്യത്തിൽ ഈ വിധിയെ കുറിച്ചും, വിധിയുടെ പ്രത്യാഘാതങ്ങളെ കുറിച്ചും വ്യക്തമായ ഒരു അവബോധം തിരുവെഴുത്തിനെ പ്രമാണമാക്കുന്ന നമ്മുടെ സമൂഹത്തിന് ഉണ്ടാകേണ്ടത് ആവശ്യമാണ്. ഈ ഉദ്യമം അതിനു സഹായകമായാൽ ഞങ്ങൾ സംതൃപ്തരാണ്.


Join our WhatsApp Group

**BRETHREN YOUTHS**

**Contact: +91 9744289131**



## എന്താണ് സ്വവർഗ്ഗ രതി..?

ഒരേ ലിംഗത്തിലുള്ളവർ തമ്മിലുള്ള ലൈംഗികതയാണ് സ്വവർഗ്ഗരതി. സ്വവർഗ്ഗ ലൈംഗികതയുള്ള പുരുഷനെ 'ഗേ' എന്നും സ്ത്രീയെ 'ലെസ്ബിയൻ' എന്നും വിളിക്കുന്നു. എതിർവർഗ്ഗ ലൈംഗികത പോലെയുള്ള മനുഷ്യ പ്രകൃതിയുടെ തുടർച്ചയാണ് സ്വവർഗ്ഗരതി എന്ന് സ്വവർഗ്ഗാനുരാഗികൾ വാദിക്കുന്നു.

## എന്താണ് 377-ാം വകുപ്പ്..?

1860 ൽ നിലവിൽ വന്ന ഇന്ത്യൻ ശിക്ഷാ നിയമത്തിലെ പ്രധാനപ്പെട്ട വകുപ്പാണ് 377-ാം വകുപ്പ്. പ്രകൃതി വിരുദ്ധ ലൈംഗികത കുറ്റകരമാകുന്നത് ഈ വകുപ്പ് പ്രകാരമാണ്. ഇതു പ്രകാരം സ്ത്രീയും, പുരുഷനും തമ്മിൽ അല്ലാതെയുള്ള ലൈംഗിക ബന്ധത്തിൽ ഏർപ്പെടുന്നവർക്ക് ജീവപര്യന്തം വരെ ശിക്ഷ ലഭിക്കാം.

## എന്താണ് 2018 സെപ്റ്റംബർ 6 ലെ വിധി..?

ഉഭയസമ്മതപ്രകാരമുള്ള സ്വവർഗ ലൈംഗീകത ക്രിമിനൽ കുറ്റമായി കണക്കാക്കുന്ന, ഇന്ത്യൻ ശിക്ഷാ നിയമത്തിലെ 377 ആം വകുപ്പിലെ 16-ാം അദ്ധ്യായം ഭരണഘടനാവിരുദ്ധമാണെന്നും, പരസ്പര സമ്മതത്തോടെയുള്ള സ്വവർഗരതി കുറ്റകൃത്യമല്ലെന്നും ഭരണഘടനാ ബെഞ്ച് നിരീക്ഷിച്ചു. എന്നാൽ മൃഗങ്ങളുമായുള്ള ഏതെങ്കിലും തരത്തിലുള്ള ലൈംഗീക വേഴ്ച കുറ്റകൃത്യമായി തുടരുമെന്നും സുപ്രീംകോടതി വ്യക്തമാക്കിയിട്ടുണ്ട്.

സമ്മിശ്രപ്രതികരണമാണ് പ്രസ്തുത വിധിക്ക് ഇന്ത്യയിൽ ലഭിക്കുന്നതെങ്കിലും, സ്വകാര്യതയെയും, സ്വത്വം വെളിപ്പെടുത്തി ജീവിക്കാനുള്ള ഒരു വ്യക്തിയുടെ അവകാശത്തെയും സംരക്ഷിക്കുന്നു എന്ന തരത്തിൽ വ്യാഖ്യാനിക്കപ്പെട്ടത് മൂലം

പൊതുവിൽ സ്വീകാര്യമായ വിധിയായി ഇതു പരിഗണിക്കപ്പെടുന്നു

അതിനു പലകാരണങ്ങൾ ആണ് ചൂണ്ടിക്കാണിക്കപ്പെടുന്നത്

1. ജനിതകപരവും, പാരമ്പര്യപരവും,സാമൂഹികപരവുമായ കാരണങ്ങളാലാണ് ഒരു വ്യക്തി സ്വവർഗാനുരാഗി ആവുന്നത് എന്ന ശാസ്ത്രനിഗമനം പരക്കെ അംഗീകരിക്കപ്പെട്ടിരിക്കുന്നതിനാൽ ഓരോ വ്യക്തിക്കും അവരവരുടെ താത്പര്യപ്രകാരം, സ്വന്തം ലൈംഗീക ആവശ്യങ്ങൾ തൃപ്തിപ്പെടുത്താനുള്ള ഇണയെ കണ്ടെത്തി അതു നിവർത്തിക്കുന്നതിൽ തെറ്റൊന്നുമില്ല എന്നു സമൂഹം ചിന്തിക്കുന്നു. അതിനാൽ സ്വവർഗരതി ഒരു പാപമല്ല എന്ന ചിന്താഗതിയാണ് പരക്കെയുള്ളത്.

2. പ്രായപൂർത്തിയായ രണ്ടോ അതിലധികമോ ആളുകൾ സ്വകാര്യമായി, പരസ്പര സമ്മതത്തോടെ ചെയ്യുന്ന ഏതൊരു കാര്യവും സമൂഹത്തിനോ അവരവർക്ക് തന്നെയോ പ്രത്യക്ഷമായോ പരോക്ഷമായോ ഉപദ്രവങ്ങളോ അപകടങ്ങളോ ഉണ്ടാക്കുന്നതല്ലെങ്കിൽ സമൂഹം അതിൽ ഇടപെടേണ്ട കാര്യമില്ലെന്ന് സാമാന്യ യുക്തി വെച്ചും പൊതു ജനത്തിനിടയിൽ ഇതൊരു പാപമല്ലാതാകുന്നു.

3. ഈ വിധിക്ക് എതിരായിട്ട് പ്രതികരിച്ചിരിക്കുന്നത് പ്രധാനമായും മത-സാമുദായിക സംഘടനകളും മറ്റുമാണ്. പ്രസ്തുത സംഘടനകളുടെ ഒക്കെ തലപ്പത്തിരിക്കുന്നവർ പോലും ലൈംഗീക പീഡനങ്ങളുടെയും മറ്റും ആരോപണക്കുരുക്കിൽ പെട്ടിരിക്കുന്ന ഈ കാലത്ത് ഇത്തരം വിഷയങ്ങളിൽ അഭിപ്രായം പറയാനുള്ള മിനിമം യോഗ്യത അവർക്കൊന്നുമില്ലെന്ന ധാരണയാണ് പൊതുജനത്തിനുള്ളത്.

4. ദൈവം എന്ന പദം തന്നെ സാങ്കൽപ്പികമാണെന്ന ധാരണ പൂർവാധികം വേഗത്തിൽ പ്രബലമായിക്കൊണ്ടിരിക്കുന്ന ഈ സമയത്തു ദൈവ സങ്കൽപ്പത്തിൽ തലക്കടിക്കാനുള്ള വടിയായിട്ടാണ് യുക്തിവാദികൾ എന്നു സ്വയം വിശേഷിപ്പിക്കുന്ന കൂട്ടർ ഈ വിധിയെ കാണുന്നത്. 'സ്വവർഗരതി പാപമാണെങ്കിൽ ഇത്തരം സ്വഭാവവിശേഷമുള്ള മനുഷ്യരെ സൃഷ്ടിച്ച് ഭൂമിയിലേക്കയച്ച ദൈവം തന്നെയല്ലേ അതിനു കാരണക്കാരൻ?' എന്ന, ഒറ്റനോട്ടത്തിൽ യുക്തിപരമെന്നു തോന്നാവുന്ന ചോദ്യമാണ് അവർ ഉയർത്തുന്നത്.

മുകളിൽ വിവരിച്ച ചോദ്യങ്ങളുടെ ഉത്തരങ്ങളിലൂടെ സ്വവർഗ്ഗ രതിയെ പറ്റി പ്രാഥമിക വിവരങ്ങൾ വായനക്കാർക്ക് ലഭിച്ചു എന്ന് പ്രതീക്ഷിക്കയാണ്. ഇനി സ്വവർഗ്ഗ രതിയെ ബൈബിൾ എങ്ങനെ നോക്കി കാണുന്നു എന്ന് നമുക്ക് പരിശോധിക്കാം.




സ്വവർഗ്ഗരതി എന്ന പ്രകൃതി വിരുദ്ധത ബൈബിളിലെ ആദ്യ പുസ്തകത്തിൽ തന്നെ പ്രതിപാദിക്കപ്പെട്ട വിഷയം ആണ്. പാപത്തിൽ വീണ മനുഷ്യൻ അകപെട്ടുപോയ മ്ലേച്ഛതകളിൽ ഒന്ന്, ഏദനിലെ വീഴ്ചയെ തുടർന്നു ചുരുങ്ങിയ കാലംകൊണ്ട് തന്നെ പൈശാചികൻ മനുഷ്യനെ ഈ ദുരന്തത്തിലേക്ക് വലിച്ചിഴച്ചു.

മനുഷ്യൻ പാപത്തിൽ വീണപ്പോൾ ജന്മംകൊണ്ട തിന്മയാണ് സ്വവർഗ്ഗ അനുരാഗം. സൃഷ്ടിയിലെ മനുഷ്യനോട് ദൈവം പറയുന്നത് ഇങ്ങനെ ആണ്.

*“ദൈവം അവരെ അനുഗ്രഹിച്ചു: നിങ്ങൾ സന്താനപുഷ്ടിയുള്ളവരായി പെരുകി ഭൂമിയിൽ നിറഞ്ഞു അതിനെ അടക്കി സമുദ്രത്തിലെ മത്സ്യത്തിന്മേലും ആകാശത്തിലെ പറവജാതിയിന്മേലും സകലഭൂചരജന്തുവിന്മേലും വാഴുവിൻ എന്നു അവരോടു കല്പിച്ചു.” (ഉല്പത്തി 1:26)*

ആണും പെണ്ണും എന്നല്ലാതെ ആണോട് ആൺ എന്നൊരു ആശയം പോലും അന്നില്ല, ദൈവത്തൊടോപ്പം മനുഷ്യൻ സഹവസിച്ച കാലത്ത് അത് ചിന്തിക്കാൻ കഴിയാത്ത കാര്യമായിരുന്നു.

പക്ഷേ, ഉല്പത്തി 19 അധ്യായങ്ങൾ പിന്നിടുമ്പോൾ ഈ പാപം മുഴുത്തു ഒരു ജനതയെ ആകെ കവർന്നു. സോദോമിൽ ലോത്തിന്റെ ഭവനത്തിൽ പുരുഷന്മാർ വന്നത് അറിഞ്ഞു ആ പട്ടണത്തിലെ പുരുഷന്മാർ എല്ലാവരും വീടിന് മുന്നിൽ ഓടിക്കൂടി, തങ്ങൾക്ക് ഭോഗിക്കാൻ അതിഥികളായ പുരുഷന്മാരെ വിട്ടുതരുവാൻ ആവശ്യപ്പെടുകയാണ്. (ഉല്പത്തി 19:4,5)

# സ്വവർഗ്ഗരതിയുടെ ആവിർഭാവം

സ്വാഭാവികതയിൽ നിന്ന് ഈ അസ്വാഭാവികതയിലേക്ക് മനുഷ്യകുലം എങ്ങനെ എത്തിച്ചേർന്നു എന്നതിൽ ബൈബിളിനു വിശദീകരണം ഉണ്ട്. പൗലോസ് അപ്പോസ്തലൻ റോമാ ലേഖനത്തിൽ സാർവ്വലൗകീക പാപത്തെ കുറിച്ച് പ്രതിപാദിക്കുമ്പോൾ ഈ തിന്മ എങ്ങനെ ആവിർഭവിച്ചു എന്നത് വ്യക്തമാക്കുന്നു.

റോമർ 1:21: *"അവർ ദൈവത്തെ അറിഞ്ഞിട്ടും അവനെ ദൈവമെന്നു ഓർത്തു മഹത്വീകരിക്കയോ നന്ദി കാണിക്കയോ ചെയ്യാതെ തങ്ങളുടെ നിരൂപണങ്ങളിൽ വ്യർത്ഥരായിത്തീർന്നു, അവരുടെ വിവേകമില്ലാത്ത ഹൃദയം ഇരുണ്ടുപോയി.."*

വാക്യം 24: *''അതുകൊണ്ടു ദൈവം അവരെ തങ്ങളുടെ ഹൃദയങ്ങളിലെ മോഹങ്ങളിൽ സ്വന്തശരീരങ്ങളെ തമ്മിൽ തമ്മിൽ അവമാനിക്കേണ്ടതിന്നു അശുദ്ധിയിൽ ഏല്പിച്ചു".*

വാക്യം 27: *"അവ്വണ്ണം പുരുഷന്മാരും സ്വാഭാവികസ്ത്രീഭോഗം വിട്ടു അന്യോന്യം കാമം ജ്വലിച്ചു ആണോടു ആൺ അവലക്ഷണമായതു പ്രവർത്തിച്ചു. ഇങ്ങനെ അവർ തങ്ങളുടെ വിഭ്രമത്തിന്നു യോഗ്യമായ പ്രതിഫലം തങ്ങളിൽ തന്നേ പ്രാപിച്ചു".*

ദൈവത്തോട് കാണിച്ച മുഖം തിരിക്കലാണ് മനുഷ്യനെ ഈ ഗതികേടിൽ എത്തിച്ചത്. മനുഷ്യബുദ്ധിക്ക് സുവ്യക്തമാകുന്ന നിലയിൽ ദൈവം തന്റെ പ്രവർത്തികളാൽ തന്നെത്തന്നെ വെളിപ്പെടുത്തി നൽകിയിരുന്നു. (വാക്യം.20). പക്ഷേ ആ വെളിപാടിനെ അംഗീകരിക്കാത്ത മനുഷ്യന്റെ ഡംഭമനസ്സ് വിഗ്രഹങ്ങളിലേക്കും അജ്ഞതയോടെ വക്രയുക്തിയിലേക്കും തിരിഞ്ഞു.

ദൈവത്തിൽ നിന്ന് അകന്നപ്പോൾ പ്രകൃതി വിരുദ്ധമായ വഷളൻ ആഗ്രഹങ്ങൾ അവന് തോന്നി തുടങ്ങി. ദൈവിക ക്രമീകരണങ്ങളുടെ അതിരുകൾ ലംഘിച്ച് അതിൽ ആനന്ദിക്കാൻ തുടങ്ങി. ദൈവത്തിന്റെ മന്ദിരമായിരിക്കേണ്ട ശരീരം അശുദ്ധിക്ക് സമർപ്പിക്കപ്പെട്ടു. അതുകൊണ്ട് ദൈവം അവരെ അവരുടെ താല്പര്യങ്ങൾക്ക് അനുസരിച്ചു ഭ്രാന്തമായ താത്പര്യങ്ങൾക്ക് വിട്ടുകൊടുത്തു. അതുതന്നെ അവർക്കൊരു ശിക്ഷയായി തീരേണ്ടതിന്, അവമാന രാഗങ്ങളിൽ അവരെ ഏല്പിച്ചു. അവരുടെ തിരഞ്ഞെടുപ്പിന്റെ പരിണിതഫലം അവർ അനുഭവിച്ചു, തങ്ങളുടെ സ്വന്ത ശരീരങ്ങളിൽ തന്നെ.

ദൈവത്തെക്കുറിച്ച് വ്യക്തമായി അറിഞ്ഞിട്ടും മനുഷ്യൻ അത് അറിയാത്തവനെപോലെ നടിക്കുന്നത് അവന്റെ ജീവിതത്തെ ക്രമപെടുത്തുവാനുള്ള വൈമുഖ്യം കൊണ്ടാണ്.

സോദോമ്യരുടെ ജീവിത ക്രമത്തെ കുറിച്ച് പത്രോസ് അപ്പോസ്തലൻ പറയുന്നത്.. *"അവർ വിറ്റും, നട്ടും, തിന്നും കുടിച്ചും വിവാഹത്തിന് കൊടുത്തും പോന്നു"* എന്നാണ്.

കേവലം ആഘോഷ തിമർപ്പു മാത്രമുള്ള ഭൗതീക പ്രസക്തമായ ജീവിതം ആയിരുന്നു അവരുടേത്. ബോധ്യപെട്ടിട്ടും മനപൂർവ്വം പാപത്തിൽ തുടർന്നാൽ വികലമായ താത്പര്യങ്ങൾക്ക് ഏൽപിച്ചു കൊടുക്കുക എന്നൊരു ദൈവീക നടപടി മനുഷ്യനോടുള്ള ബന്ധത്തിൽ ഉണ്ടെന്ന് ഓർത്തിരിക്കേണ്ടതാണ്.

## മരണം വിധിക്കുന്ന ന്യായപ്രമാണം.

മോശമൂലം നൽകപ്പെട്ട ന്യായപ്രമാണത്തിൽ മരണശിക്ഷയാണ് സ്വവർഗ്ഗരതിക്ക് വിധിച്ചിരിക്കുന്നത്.

ലേവ്യ 18:20: *"സ്ത്രീയോടു എന്നപോലെ പുരുഷനോടുകൂടെ ശയിക്കരുതു; അതു മ്ളേച്ഛത".*

ലേവ്യാ 20:13: *"സ്ത്രീയോടുകൂടെ ശയിക്കുന്നതു പോലെ ഒരുത്തൻ പുരുഷനോടുകൂടെ ശയിച്ചാൽ ഇരുവരും മ്ളേച്ഛത ചെയ്തു; അവർ മരണശിക്ഷ അനുഭവിക്കേണം; അവരുടെ രക്തം അവരുടെമേൽ ഇരിക്കും".*

## പുതിയനിയമ പരാമർശങ്ങൾ

സ്വവർഗ്ഗാനുരാഗത്തെ ഗൗരവപ്പെട്ട പാപങ്ങളുടെ പട്ടികയിലാണ് ദൈവത്മാവു ഉൾപ്പെടുത്തിയിരിക്കുന്നത്. ഈ വക പ്രവർത്തിക്കുന്നവർ ദൈവരാജ്യം അവകാശമാക്കുകയില്ല എന്നു പറഞ്ഞു തുടങ്ങിയിട്ട് .. *പുരുഷ കാമികൾ* എന്നു ദൈവാത്മാവു കുറിക്കുന്നുണ്ടു. (1 കൊരി. 6:9-20; 1 തിമോത്തി 1:8-11).

## സാത്താന്യ തന്ത്രം

ദൈവം വെച്ചിരിക്കുന്ന സിസ്റ്റത്തിൽ നിന്നും മനുഷ്യനെ തെറ്റിച്ചു കളയുന്ന സാത്താന്യ തന്ത്രത്തിന്റെ കാലാകാലങ്ങളായിട്ടുള്ള അവതരണം മാത്രമാണ് ഈ വിഷയത്തിലും നടന്നിട്ടുള്ളത്. ഒരു വ്യക്തി ജനിച്ചു വളർന്ന് ഒരു കുടുംബമായി ജീവിച്ചു ദൈവ നാമം മഹത്വപ്പെടുത്തി ഇവിടെ നിന്നും കടന്നു പോകുവാനാണ് ഓരോരുത്തരെക്കുറിച്ചും ദൈവം ആഗ്രഹിക്കുന്നത്. തലയായ ക്രിസ് തുവിനു നിഴലായി സ്നേഹിക്കുന്ന ഭർത്താവും, മണവാട്ടിയായ സഭക്ക് നിഴലായി കീഴടങ്ങിയിരിക്കുന്ന ഭാര്യയും അവരുടെ കൂട്ടായ്മയാകുന്ന കുടുംബവും സഭയുടെ അംഗങ്ങളായ സഹോദരങ്ങൾക്ക് നിഴലായി അവരുടെ മക്കളും, അങ്ങനെ ഓരോ കുടുംബത്തിലൂടെയും ക്രിസ്തുവിനെയും സഭയെയും ഈ ലോകത്തിന് വെളിപ്പെടുത്തി അവരിലൂടെ ദൈവനാമം മഹത്വപ്പെടുവാൻ ദൈവം ആഗ്രഹിക്കുന്നു. ആ സിസ്റ്റം തകർക്കാനാണ് സാത്താൻ ആദ്യം മുതൽ ശ്രമിച്ചു കൊണ്ടിരിക്കുന്നത്. കുടുംബവും കുടുംബ ജീവിതവും വിശുദ്ധവും ശ്രേഷ്ഠവുമായി കണ്ടിരുന്ന കാഴ്ചപ്പാടുകളിൽ നിന്നും ലോകം പതുക്കെ പിന്നോട്ടു മാറിയതിന്റെ കാരണക്കാരനും സാത്താനും പാപവും അല്ലാതെ

മറ്റൊന്നുമില്ല. ദൈവഹിതപ്രകാരമുള്ള വിവാഹം, അതു കഴിഞ്ഞു ഒരുമിച്ചുള്ള ജീവിതം എന്ന ദൈവീക വഴിയിൽ നിന്നും മാറി, ആദ്യം കുറച്ചു നാൾ ഒരുമിച്ചു ജീവിച്ചു നോക്കി വേണമെങ്കിൽ വിവാഹം, അല്ലെങ്കിൽ അടുത്ത പങ്കാളിയെ തേടൽ എന്ന നിലയിലേക്ക് കാര്യങ്ങൾ നീങ്ങി. ദൈവത്തിന്റെ ഹിതം മനസിലാക്കാതെ, സ്വന്തം ജീവിതവും ശരീരവും പരീക്ഷണത്തിന് ഏൽപ്പിച്ചു കൊടുക്കുന്ന തരത്തിലുള്ള അധഃപതനത്തിലേക്ക് 'ജ്ഞാനിയായ' മനുഷ്യൻ എത്തിച്ചേർന്നു.

അതിന്റെ തുടർച്ചയായാണ് സ്വവർഗ രതിയെയും നാം വിലയിരുത്തേണ്ടത്. യുക്തിവാദത്തിന്റെയും അവകാശ സംരക്ഷണത്തിന്റെയും പേരിൽ അധർമ്മത്തിൽ നിന്നും അധർമ്മത്തിലേക്കും, മ്ലേച്ഛതയിൽ നിന്നും മ്ലേച്ഛതയിലേക്കും അതിവേഗം കൂപ്പുകുത്തിക്കൊണ്ടിരിക്കുന്ന മനുഷ്യന്റെ പോക്ക് കണ്ടു സാത്താൻ സന്തോഷിക്കുമ്പോൾ, അതിനെതിരെ ജാഗരൂഗരായിരിക്കേണ്ടത് സത്യവചനവും അതിന്റെ മൂല്യങ്ങളും മുറുകെ പിടിക്കുന്ന വിശ്വാസികളാണെന്നു വചനം നമ്മെ ഓർമ്മിപ്പിക്കുന്നു.

## ആശക്ക് വകയുണ്ടോ?

സ്വവർഗ്ഗ അനുരാഗം തിരുത്താൻ കഴിയാത്ത മനസ്ഥിതി എന്നാണ് അതിന്റെ അനുകൂലികൾ പറയുന്നത്. പക്ഷേ ഈ ദുരന്തത്തിൽ കുടുങ്ങിയവർക്ക് ആശകൾ അസ്തമിച്ചിട്ടില്ല, കാരണം ക്രിസ്തുവിന്റെ രക്തത്തിന് തകർക്കാൻ കഴിയാത്ത ഒരു ബന്ധനങ്ങളും ഇല്ല.




1

കൊരിന്ത്യർ 6:9-11 വാകൃങ്ങളിൽ പുരുഷകാമികൾ, മദ്യപാനികൾ... എന്നുള്ള പട്ടിക നിരത്തിയിട്ട്... *"നിങ്ങളും ചിലർ ഈ വകക്കാർ ആയിരുന്നു"* എന്നാണ് പൗലോസ് പറയുന്നത്. എന്നുപറഞ്ഞാൽ, കൊരിന്ത് സഭയിൽ ദൈവത്തെ ആരാധിക്കുന്ന പലരും സ്വവർഗ്ഗരതിക്ക് അടിമപ്പെട്ട ഒരു പഴയകാലം ഉണ്ടായിരുന്നു എന്നു മനസ്സിലാക്കാം. എന്നാൽ ക്രിസ്തുവിനെ അറിഞ്ഞപ്പോൾ, പുതിയ സൃഷ്ടി ആയപ്പോൾ, അടിമപ്പെടുത്തിയിരുന്ന ഇത്തരം പാപങ്ങളിൽ നിന്നും അവർക്ക് മോചനം ഉണ്ടായി. *"അവന്റെ പുത്രനായ യേശുവിന്റെ രക്തം സകല പാപവും പോകി നമ്മെ ശുദ്ധീകരിക്കുന്നു". (1 യോഹ 1:7)*

## ഭാവിയിൽ വന്നേക്കാവുന്ന പ്രത്യാഘാതങ്ങൾ

പ്രത്യാഘാതങ്ങളും പാർശ്വഫലങ്ങളും ഒരുപാടുണ്ടാക്കിയേക്കാവുന്ന ഒരു വിധിയാണിത്. എന്തും പ്രകടിപ്പിക്കാൻ

അനിയന്ത്രിതമായ സ്വാതന്ത്ര്യവും അവകാശവുമുള്ള മനുഷ്യൻ മറ്റെന്തിനേക്കാളും വിനാശകാരിയും വിവേകഹീനനുമാണ്.

ഒന്നിന് പുറകെ ഒന്നായി ലോകരാജ്യങ്ങൾ ഈ തിന്മയെ അംഗീകരിച്ചുകൊണ്ടിരിക്കുകയാണ്. ഭൂരിപക്ഷ പിന്തുണ ശരിയെന്നു തീരുമാനിക്കുന്ന കാലത്തിൽ വൈകൃതങ്ങൾകു അംഗീകാരം ലഭിക്കുന്നതിന് ഏറെ പ്രയാസമില്ല, വൈകൃതങ്ങൾ ജനപ്രിയമായാൽ മാത്രം മതി. ഒറ്റപ്പെട്ടത് എന്ന് കരുതിയിരുന്ന പലതും ആൾക്കൂട്ടങ്ങളിലേക്ക് എത്തിക്കഴിഞ്ഞു എന്നു നാം തിരിച്ചറിയണം.

സ്വവർഗ്ഗരതി ഒരു നാടിനെ ആകെ നിറഞ്ഞു കവിഞ്ഞപ്പോൾ അത് സോദോമിന്റെ പൊതുബോധമായി. കാമം മൂത്ത ആൾക്കൂട്ടം ആർത്തുവിളിച്ച്, ആതിഥ്യ മര്യാദ മറന്ന്, വാതിൽ തള്ളി മുറവിളി കൂട്ടുന്നു. പാപം മദം പൊട്ടി ഒഴുകിയ ആ രാത്രി ദൈവകോപം ഉയർന്നു ജ്വലിച്ച, സോദോം ചരിത്രത്തിലെ അവസാന പേജ് ആയിരുന്നു എന്നത് ഓർക്കേണ്ടതുണ്ട്. ദേശത്തിന്റെ മേൽ ന്യായവിധി വിളിച്ചുവരുത്തിയ അത്യന്തം ഗുരുതരമായ പാപം ആണ് സ്വവർഗ്ഗാനുരാഗം.

എതിർലിംഗത്തിൽ പെട്ടവരോട് ആകർഷണം തോന്നാതെ, സ്വന്തം ലിംഗത്തിൽ പെട്ടവരോട് മാത്രം ആകർഷണം തോന്നുന്നവന്റെ ലൈംഗീക ചോദനകൾക്കു പരിഹാരം കാണേണ്ടതും അവന്റെ അവകാശമായി കാണുന്നതാണ് ഇപ്പോഴുണ്ടായ വിധി.

അങ്ങനെയെങ്കിൽ മൃഗങ്ങളോട് മാത്രം ലൈംഗീകാർഷണം തോന്നുവരുടെ കാര്യത്തിൽ സമൂഹവും നിയമവും എന്തു നിലപാട് സ്വീകരിക്കും? അവനും ശാസ്ത്രത്തിന്റെ കാഴ്ചപ്പാടിൽ അവന്റെ കുഴപ്പം കൊണ്ടോ തെറ്റു കൊണ്ടോ അങ്ങനെയായി തീരുന്നതല്ല. അങ്ങനെയെങ്കിൽ അവന്റെ അവകാശം സംരക്ഷിക്കേണ്ടതും അവന്റെ ആഗ്രഹം നിവർത്തിക്കപ്പെടേണ്ടതും ന്യായമായ ആവശ്യമാണ്. ഇന്നല്ലെങ്കിൽ നാളെ നിയമത്തിന് അതും അംഗീകരിക്കേണ്ടി വരില്ലേ?. ഭൂരിപക്ഷത്തിന്റെ ഇഷ്ടങ്ങളും സ്വതന്ത്ര്യങ്ങളും അനുവദിച്ചു കൊടുക്കാൻ മാത്രം വിധിക്കപ്പെട്ട ഈ ലോകത്തെ നിയമസംഹിതകൾക്കും, ഭരണകൂടങ്ങൾക്കുമൊന്നും ഈ ആവശ്യത്തോടും മുഖം തിരിക്കാൻ കഴിയാത്ത കാലങ്ങളാണ് മുൻപിൽ ഉള്ളത്.

ഇന്നിന്റെ സമൂഹത്തിൽ ദൈവജനം വളരെ കരുതലോടെ സമീപിക്കേണ്ട ഒരു വിഷയമാണിത്. പാപം നിയമവിധേയം ആകുമ്പോൾ അതിനെ എതിർക്കുന്നവർ സ്വാഭാവികമായും കുറ്റക്കാരായി ചിത്രീകരിക്കപ്പെടും.

വിവാഹ മോചനം രാജ്യത്തിന്റെ നിയമത്തിന് ന്യായം ആയപ്പോൾ കാലാന്തരത്തിൽ ദൈവജനത്തിന്റെ നടുവിലും അത് ന്യായമാണെന്ന് പറയാൻ ആളുണ്ടായി.

ആഭരണധാരണം പണക്കൊഴുപ്പിന്റെ പ്രകടനമായപ്പോൾ ദൈവജനത്തിന്റെ മധ്യത്തിലും ആഭരണത്തെ

അംഗീകരിക്കുന്നവരുണ്ടായി.

ഉപദേശത്തിന്റെ അതിർ കുറ്റികൾ മാറ്റി അടിച്ചപ്പോൾ അന്യമതസ്ഥരുമായുള്ള വിവാഹങ്ങൾ സഭകളുടെ ആശിർവാദത്തോടെ നടക്കാൻ തുടങ്ങി.

ശുശ്രൂഷകളിലെ ദൈവകൃപയേക്കാൾ വ്യക്തിപൂജക്കു പ്രാധാന്യമേറിയപ്പോൾ ശുശ്രൂഷാ മാർക്കറ്റിങ്ങ് സർവ്വസാധാരണമായി.

സഭക്കു പ്രാധാന്യം കൊടുക്കാത്ത നേതാക്കൻമ്മാർ വളർന്നപ്പോൾ പാരമ്പര്യം അവകാശപ്പെടാവുന്ന സഭകൾ പോലും തുറക്കാതെയായി.

ഇപ്പോൾ പ്രതീക്ഷിക്കുക അസാധ്യമാണെങ്കിലും കേരളത്തിലെ സഭകളിലും അങ്ങനെയുള്ള ആവശ്യങ്ങൾ ഉയരാൻ സാധ്യത ഉണ്ടെന്നാണ് പാശ്ചാത്യ അനുഭവങ്ങൾ നമ്മോട് പറയുന്നത്.

വിവാഹ മോചനവും വിവാഹ പൂർവ ലൈംഗീകതയും ഒന്നും വിശ്വാസ സമൂഹത്തിൽ പോലും അത്ര വലിയ തെറ്റല്ലാതായിക്കൊണ്ടിരിക്കുമ്പോൾ നാളെ ഇതിനു വേണ്ടി വാദിക്കാനും വിശ്വാസ സമൂഹത്തിൽ ആളുണ്ടായേക്കാം, അത്രയും ഇരുണ്ട കാലത്തിലൂടെയാണ് നാം ഇപ്പോൾ കടന്നു പോകുന്നത്. അതുകൊണ്ട് ദൈവജനം വചനത്തിൽ ഊന്നിയ ശക്തമായ ബോധ്യങ്ങളിൽ ഉറയ്ക്കേണ്ടതുണ്ട്. ഭാരതീയനെന്നതിൽ അഭിമാനിക്കുന്നതിൽ തെറ്റില്ല. പക്ഷെ രാജ്യത്തിന്റെ നിയമങ്ങൾ ദൈവിക മൂല്യങ്ങൾക്ക് എതിരാകുന്ന വക്രതയും കോട്ടവുമുള്ള ഈ തലമുറയിൽ വിശുദ്ധരും ദൈവത്തിന്റെ നിഷ്കളങ്ക മക്കളുമായി ജീവിക്കാൻ നാം ശ്രദ്ധാപൂർവ്വം തയ്യാറാകേണ്ടിയിരിക്കുന്നു.

ഈ കാലഘട്ടത്തിൽ, ദൈവ വചനത്തിൽ ഉറച്ചു നിന്ന്, കർത്താവ് കാണിച്ചു തന്ന മാതൃക പിൻപറ്റി, അവനോടുള്ള കൂട്ടായ്മയിലും വിശുദ്ധിയിലും ഭക്തിയിലും ജീവിക്കാൻ സർവ്വ കൃപാലുവായ ദൈവം നമ്മെ ഓരോരുത്തരെയും അനുഗ്രഹിക്കട്ടെ.